പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 157

30.11.2015-ൽ മറുപടിക്ക്

# ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | 2015-16 വർഷത്തിൽ ഭവന നിർമ്മാണ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; എത്ര പേർക്ക് ഭവന നിർമ്മാണ സഹായം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | എല്ലാവർക്കും പാർപ്പിടം പദ്ധതി, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി, ഭവന നിർമ്മാണ ബോർഡിന്റെ കൽപ്പറ്റയിലുള്ള സ്വന്തം സ്ഥലത്ത് മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള പകൽസമയ വിശ്രമ കേന്ദ്രം എന്നിവയാണ് 2015-16 വർഷത്തിൽ ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ.<br><br>സാന്ത്വനം പദ്ധതിയ്ക്ക് 7.5 കോടി രൂപയും, മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള പകൽസമയ വിശ്രമ കേന്ദ്രം പദ്ധതിക്ക് 2 കോടി രൂപയും 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാവർക്കും പാർപ്പിടം പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ല.<br><br>വീട് നിർമ്മിക്കുന്നതിന് ധനസഹായവും വീട് നിർമ്മിച്ച് നൽകുന്നതുമുൾപ്പടെ 1.72 ലക്ഷം കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിനാണ് എല്ലാവർക്കും പാർപ്പിടം പദ്ധതി മുഖേന ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഭവന വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ കട ബാധ്യത ലഘൂകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ